LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടം 49 പ്രകാരം, ആർട്ടിഫിഷ്യൽ ആയി ലൈറ്റിംഗും വെൻഡിലേഷനും കൊടുക്കാത്ത പക്ഷം ലൈറ്റിംഗ് ആന്റ് വെൻഡിലേഷനായി ജനൽ, വെൻഡിലേറ്റർ തുടങ്ങിയ ഓപ്പണിംഗുകൾ കൊടുക്കുന്നത് നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കണം. കെ.എം.ബി.ആറിലെ തന്നെ ചട്ടം 53 മുതൽ 59 വരെ വിവിധ ഓക്യുപൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്കായുള്ള പ്രത്യേക വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. ആയവയിലും ഫയർ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ പാലക്കേണ്ട കാര്യം പ്രതിപാദിക്കുന്നുണ്ട്. ചട്ടം 55-ൽ അസംബ്ലി ഓക്യുപൻസിയിൽപ്പെട്ട കെട്ടിടങ്ങൾക്കുള്ള വെൻഡിലേഷൻ നാഷണൽ ബിൽഡിംഗ് കോഡിലെ ലൈറ്റിംഗ് ആന്റ് വെൻഡിലേഷൻ സംബന്ധിച്ച വ്യവസ്ഥയ്ക്ക് അനുസൃതമായിരിക്കണമെന്ന് പ്രതിപാദിക്കുന്നു. ചട്ടം 120 പ്രകാരം നാഷണൽ ബിൽഡിംഗ് കോഡ് പ്രകാരമുള്ള സീസ്മിക് ഫോഴ്സുകൾകൂടി പരിഗണിച്ചുള്ള സ്ട്രക്ച്ചറൽ ഡിസൈൻ ഹൈറൈസ് കെട്ടിട നിർമ്മാണങ്ങൾക്കായുള്ള അപേക്ഷയോടൊപ്പം ഉണ്ടായിരി ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ചട്ടം 120 ബി -യിൽ അവയ്ക്ക് നാഷണൽ ബിൽഡിംഗ് കോഡിലെ കൺസ്ട്രക്ഷണൽ പ്രാക്ടീസസ് ആന്റ് സേഫ്റ്റിയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ആവശ്യമായ സുരക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്നും വ്യവസ്ഥ ചെയ്യുന്നു.

**കർഷകർക്ക് അഗ്രികാർഡ് നൽകുന്ന പദ്ധതി**

5 (*575) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് അഗ്രികാർഡ് നൽകുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) അഗ്രികാർഡ് ലഭിക്കാൻ അർഹരായ കർഷകരുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ മൊത്തം എത്ര കർഷകർ ഈ വിഭാഗത്തിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) അഗ്രികാർഡുള്ളവർക്ക് അനുപയോഗിച്ച് എന്തൊക്കെ കാർഷിക സഹായങ്ങൾ നേടാമെന്നതിന്റെ വിശദവിവരം നൽകാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അഗ്രികാർഡ് വിതരണം ആരംഭിക്കുന്നതാണെന്ന് പറഞ്ഞിട്ടുള്ളതനുസരിച്ച് സംസ്ഥാനതല ഉദ്ഘാടനം 4-3-2014-ന് തിരുവനന്തപുരത്ത് നടന്നു. തുടർന്ന് അഗ്രികാർഡ് വിതരണത്തിനായി കനറാ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക് എന്നിവയുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു.

(ബി) കേരള സംസ്ഥാന കൃഷി വകുപ്പിന്റെ ഓൺലൈൻ കർഷക ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18.77 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്.

(സി) അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനാണ് 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.

- കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും
- ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (crop loan)
- 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന് 50 ശതമാനം പലിശ സബ്സിഡി നൽകുന്നു.

**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി**

6 (*576) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly